പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1844 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിൽ താല്ക്കാലിക ഡ്രൈവർമാർ

ചോദ്യം

ശ്രീ.എൽദോസ് പി. കുന്നപിള്ളിൽ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ താല്ക്കാലിക ഡ്രൈവർമാരെ പിരിച്ച് വിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | ഉണ്ട്.<br>ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് അപ്പീൽ 1011/19 ലെ വിധിന്യായത്തിന്റെ ഭാഗമായിട്ടാണ് താൽക്കാലിക ഡ്രൈവർമാരെ ജോലിയിൽ നിന്നും വിടുതൽ ചെയ്തത്. |
| (ബി) | താല്ക്കാലിക ഡ്രൈവർമാരെ പിരിച്ച് വിട്ടത് മൂലം സർവ്വീസുകൾ മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; 2019 സെപ്റ്റംബർ 1 ന് ശേഷം ഇപ്രകാരം മുടങ്ങിയ സർവ്വീസുകൾ എത്രയാണ്; | (ബി) | ഉണ്ട്.<br>താൽക്കാലിക ഡ്രൈവർമാരെ പിരിച്ച് വിട്ടത് 2019 ഒക്ടോബർ ആദ്യവാരമാണ്. ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവ് മൂലം കെ.എസ്.ആർ.ടി.സി ഒക്ടോബർ മാസത്തിൽ ശരാശരി 355 ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. എന്നാൽ യാത്രക്കാർ വളരെയധികം കുറവുള്ളതും, താരതമ്യേന വരുമാനക്കുറവുള്ളതുമായ ഷെഡ്യൂളുകളും ട്രിപ്പുകളുമാണ് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുള്ളത്. |
| (സി) | പിരിച്ചുവിടപ്പെട്ട ഡ്രൈവർമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമെന്ന് വകുപ്പ് മന്ത്രി വ്യക്തമാക്കിയിരുന്നോ; ആയതിൻപ്രകാരം സ്വീകരിച്ച നടപടിയെന്താണ്; | (സി) | വ്യക്തമാക്കിയിരുന്നില്ല. |
| (ഡി) | കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി യിൽ ഡ്രൈവർമാരുടെ എണ്ണത്തിലുണ്ടായ കുറവ് എപ്രകാരമാണ് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) | നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ നിയമനങ്ങൾ നടത്താതെ തന്നെ ഷെഡ്യൂൾ പുനഃക്രമീകരണം നടത്താനും മറ്റ് ഉചിതമായ ക്രമീകരണങ്ങൾ നടത്താനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ